കയർ മേഖലയിലെ തൊഴിലാളികൾ

187 (1220) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ മേഖലയിൽ എത്ര തൊഴിലാളികളുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത് ;

(ബി) നിലവിൽ ഈ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ എണ്ണമെത്ര ; വ്യക്തമാക്കാമോ ;

(സി) കയർമേഖലയിൽ ഓരോ തൊഴിലാളിക്കും എത്ര തൊഴിൽ ദിനങ്ങൾ ലഭിക്കുന്നുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ&ബി) കയർ മേഖലയിൽ 3.75 ലക്ഷത്തോളം തൊഴിലാളികൾ ഉള്ളതായി കണക്കാക്കപ്പെടുന്നു. ഇതിൽ സഹകരണ മേഖലയിൽ ഏകദേശം 90000 ത്തോളം പേർക്ക് തൊഴിൽ ലഭിക്കുന്നുണ്ട്. സഹകരണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെക്കാൾ കൂടുതൽ പേർ സ്വകാര്യ മേഖലകളിൽ പണിയെടുക്കുന്നുണ്ട്. ഇവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല.

(സി) കയർ മേഖലയിൽ ഓരോ തൊഴിലാളിക്കും ശരാശരി 155 തൊഴിൽ ദിനങ്ങൾ ലഭിക്കുന്നുണ്ട്.

കയർ വകുപ്പിലെ ഡയറക്ടർ നിയമനം

188 (1221) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വകുപ്പിൽ നിലവിലെ സ്പെഷ്യൽ റൂളിനും, മാനദണ്ഡങ്ങൾക്കും വിരുദ്ധമായി മറ്റൊരു വകുപ്പിലെ ഉദ്യോഗസ്ഥന് ഡയറക്ടറായി നിയമനം നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ നിലവിലെ കഴിവുള്ളവരും പ്രതിജ്ഞാബദ്ധരുമായ സീനിയർ ഉദ്യോഗസ്ഥർ ഉള്ളപ്പോൾ ഇത്തരത്തിൽ നിയമനം നൽകിയ സാഹചര്യം വിശദമാക്കാമോ ;

(സി) നിലവിൽ തെറ്റായി നൽകിയിട്ടുള്ള നിയമനം പുനഃപരിശോധിച്ച് വ്യവസായ വകുപ്പിലെ അഡീഷണൽ ഡയറക്ടറെ കയർ വകുപ്പിലെ ഡയറക്ടറായി നിയമിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) കയർ വകുപ്പിലെ നിലവിലുള്ള സ്പെഷ്യൽ റൂൾ അനുസരിച്ച് കയർ വികസന ഡയറക്ടറെ നിയമിക്കുന്നത് സർക്കാരാണ്. 5-6-2015-ലെ സ.ഉ.(സാധാ.) 4203/15/പൊ.ഭ.വ. പ്രകാരം ഉന്നത വിദ്യാഭ്യാസ ഡയറക്ടറായ ശ്രീ. കെ. എൻ. സതീഷ്, ഐ.എ.എസ്.-ന് കയർ വികസന ഡയറക്ടറുടെ ചുമതല നൽകിയിട്ടുണ്ട്.

കയർ മേഖലയിൽ സ്റ്റാർട്ട് അപ് ഇൻകുബേറ്റർ

189 (1222) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കയർ മേഖലയിൽ സ്റ്റാർട്ട്-അപ്പ് ഇൻകുബേറ്റർ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതുവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പുതിയ കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് യുവ സംരംഭകർക്ക് വേണ്ട സഹായം നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ഡി) യുവസംരംഭകർക്ക് എന്തെല്ലാം സഹായങ്ങളാണ് ഇതുവഴി ലഭിക്കുന്നത് ; വിശദമാക്കാമോ ?

ഉത്തരം

(എ) 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ, കയർ മേഖലയിൽ നൂതന ആശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉല്പന്നങ്ങളും വികസിപ്പിക്കുന്നതിനുവേണ്ടി ഒരു ഇന്നവേഷൻ ഫണ്ടും നൂതന ഉല്പന്നങ്ങൾ നിർമ്മിക്കുന്ന പുതിയ ബിസിനസ് സംരംഭങ്ങളെ സഹായിക്കുന്നതിനായി ഒരു കയർ ഇൻകുബേഷൻ സെല്ലും രൂപീകരിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അത് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) കയർ മേഖലയിൽ പുതിയ ആശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉല്പന്നങ്ങളും വികസിപ്പിക്കുക, നൂതന സാങ്കേതിക വിദ്യകളും ആശയങ്ങളും പദ്ധതികളും ഉപയോഗിച്ച് നൂതന ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ബിസിനസ് സംരംഭങ്ങളെ സഹായിക്കുക തുടങ്ങിയവയാണ് പ്രധാന ലക്ഷ്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly